(ബിഡ്സി) പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, ഡി.ഡി.യു.ജി. ജെ.വൈ-യും ഐ.പി.ഡി.എസ്സുമാണ്. ഡി.ഡി.യു.ജി.ജെ.വൈ-യ്ക്ക് 2.5 കോടി രൂപയും ഐ.പി.ഡി.എസ്സിന് 5 കോടി രൂപയും മതിപ്പ് ചെലവ് കണക്കാക്കി യിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ DPR സമർപ്പിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ :

1. കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ള കൺട്രോൾ റൂം നിർമ്മാണം അവസാനഘട്ടത്തിലാണ്. 33 കെ.വി. ഫീഡർ നിർമ്മാണ പ്രവൃത്തികൾ 50 % പൂർത്തീകരിച്ചു.
2. രാജപുരം 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

അരയക്കാപ്പ്, വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം

56 (4638) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ വൈദ്യുതീകരണം നടത്താത്ത അരയക്കാപ്പ്, വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) അതിരപ്പിള്ളി പഞ്ചായത്തിലെ മറ്റു കോളനികളിലെ വൈദ്യുതീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ അരയക്കാപ്പ്, വെട്ടുവിട്ടക്കാട് എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം RGGVY-യിലെ DDG (Decentralized Distributed Generation) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 14-7-2014-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) മറ്റു കോളനികളിലെല്ലാം വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly